# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 80,000/- (എൺപതിനായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.629/2017/തസ്വഭവ. തിരുവനന്തപുരം, തീയതി:8.3.2017

പരാമർശം:-
1) കോടശ്ശേരി പഞ്ചായത്ത് സെക്രട്ടറിയുടെ എ-5994/2015 നമ്പർകത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2016 തീയതിയിലെ എം3-12886/2016 നമ്പർ കത്ത്.
3) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 16.09.2015 തീയതി നടന്ന 34/16.09.2015 നമ്പർ സാധാരണ മീറ്റിംഗിലെ തീരുമാനം
4) 31.10.2016-ലെ ഓഡിറ്റ് വകുപ്പിന്റെ എൽ.എഫ്. 7743/പി.റ്റി.2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് ഖണ്ഡിക 3-4 പ്രകാരം 80,000/- (എൺപതിനായിരം രൂപ മാത്രം) രൂപ തടസ്സപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിലെ 5 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിന് ചെലവാക്കിയ 50,000/-(അമ്പതിനായിരം രൂപ മാത്രം) രൂപയും ഗവ: യു.പി.സ്കൂളിലെ ഡ്രൈവർക്ക് ഓണറേറിയം നൽകുന്നതിന് ചെലവായ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലായിരുന്നു ലോക്കൽഫണ്ട് തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടറുടെ 04.02.2015-ലെ ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് തടഞ്ഞുവച്ചിരുന്നത്. എന്നാൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ നായരങ്ങാടി ഗവ: യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് പഞ്ചായത്തിന്റെ 2012-13 വർഷത്തെ 9020/19 നമ്പർ പ്രോജക്ട് പദ്ധതി പ്രകാരമാണ് പഞ്ചായത്ത് അതിർത്തിയിലുള്ള 5 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിന് 50,000/- രൂപയും നായരങ്ങാടി ഗവ: യു.പി.സ്കൂളിലെ ഡ്രൈവർക്ക് ഓണറേറിയം നൽകുന്നതിന് 30,000/- രൂപയും ചെലവഴിച്ചതെന്നും ഇക്കാര്യം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കിയതെന്നും ആയതിനാൽ ബന്ധപ്പെട്ട റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരമുള്ള പ്രസ്തുത തടസ്സപ്പെടുത്തൽ

സാധൂകരിച്ച് നൽകണമെന്ന് കോടശ്ശേരി പഞ്ചായത്ത് സെക്രട്ടറിയുടെ സൂചന 1 പ്രകാരമുള്ള അപേക്ഷ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ, ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം (സൂചന 3) എന്നിവ ഉൾപ്പെടെ തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ സൂചന 2 പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

ഇക്കാര്യത്തിൻമേൽ ശരിയായ നടപടി കൈക്കൊള്ളുന്നതിനാവശ്യമായ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനോട് സർക്കാർ ആവശ്യപ്പെടുകയും സൂചന 4 പ്രകാരം പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. ടി റിപ്പോർട്ടിൽ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തൽ സാധൂകരിക്കാവുന്നതാണെന്ന് റിപ്പോർട്ട്. ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിയ്ക്കുകയും 5 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിന് 50,000/- രൂപയും നായരങ്ങാടി ഗവ: യു.പി.സ്കൂളിലെ ഡ്രൈവർക്ക് ഓണറേറിയം നൽകുന്നതിന് 30,000/- രൂപയും ചെലവഴിച്ച കോടശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിയ്ക്കാവുന്നതായതിനാൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരമുള്ള തടസ്സപ്പെടുത്തലിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി.
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, കോടശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ